കെ. എസ്. ആർ. ടി. സി.-യുടെ പ്രതിമാസ വരുമാനം

162 [1376] *ശ്രീ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ പ്രതിമാസ വരുമാനവും പ്രതിമാസ ചെലവും തമ്മിൽ എന്ത് വ്യത്യാസമുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ബസ്സുകൾ ഓടുന്നതുമൂലമുള്ള വരുമാനത്തിനുപുറമേ മറ്റ് എന്തെല്ലാം വരുമാന മാർഗ്ഗങ്ങളാണ് കെ. എസ്. ആർ. ടി. സി.-യിൽ നിലവിലുള്ളത്; ഓരോന്നിന്റേയും പ്രതിമാസവരുമാനം എത്രയാണെന്ന് വേർതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2005 ഏപ്രിൽ മാസത്തെ താല്കാലിക വരവ്-ചെലവ് കണക്ക് പ്രകാരം ചെലവ് വരുമാനത്തെക്കാൾ 8.07 കോടി രൂപയും മേയ് മാസം 5.83 കോടി രൂപയും അധികമാണ്. ജൂൺ മാസത്തെ കണക്ക് ശേഖരിച്ചുവരുന്നു.

(ബി) ബസ്സുകൾ ഓടുന്നതുമൂലമുള്ള വരുമാനത്തിനുപുറമേ പരസ്യങ്ങളിൽ നിന്നുള്ള വരുമാനം, ക്യാന്റീൻ, ടെലിഫോൺ ബൂത്ത്, എൽ. ആർ. സ്റ്റാളുകൾ, ക്ലോക്ക് റൂം, പെയിഡ് യൂറിനൽ മുതലായവയുടെ വാടകയിനത്തിലുള്ള വരുമാനം,പഴയ ബസ്സുകൾ ഉൾപ്പെടെ സ്ക്രാപ്പുകൾ ലേലം ചെയ്തു കിട്ടുന്ന വരുമാനം എന്നിവയുണ്ട്. പരസ്യയിനത്തിൽ 8 ½ ലക്ഷം രൂപയും, വാടകയിനത്തിൽ 40 ലക്ഷം രൂപയും മറ്റിനങ്ങളിലായി 26 ½ ലക്ഷം രൂപയും, ശരാശരി പ്രതിമാസ വരുമാനമായി ലഭിക്കുന്നുണ്ട്.

തീർത്ഥാടന കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബസ്സ് സർവ്വീസ്

163 [1377] *ശ്രീമതി മേഴ്സി രവി:*

ശ്രീ. കെ. എ. ചന്ദ്രൻ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ തമ്മിൽ കെ. എസ്. ആർ. ടി. സി. സർവ്വീസ് മുഖാന്തിരം ബന്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

GPM. 2/567/2012—25

LIBRARY ARCHIVES Kerala Legislative Assembly